**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ല – പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്തിലെ മുൻ ജൂനിയർ ക്ലാർക്കായിരുന്ന ശ്രീ. സി. ശിവനെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീമതി. ത്രേസ്യാമ്മ ആന്റണിയെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

======================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.268/2019/തസ്വഭവ തീയതി, തിരുവനന്തപുരം, 08.02.2019

======================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 27.01.2014-ലെ ഇ 2(ക്യൂവി 8/13/കെഎൽഎം) 16076/2013 നമ്പർ കത്ത്

2. സർക്കാരിന്റെ 10.04.2015-ലെ 42940/ഇപിബി2/2014/തസ്വഭവ നമ്പർ കുറ്റപത്രം
3. ശ്രീ. സി. ശിവൻ സമർപ്പിച്ച 09.07.2015-ലെ പ്രതിവാദ പത്രിക
4. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2016-ലെ ഡി6-14485/15 നമ്പർ കത്ത്

**ഉത്തരവ്**

ബഹു. തിരുവനന്തപുരം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിന്റെ ക്രിമിനൽ എം.പി. നം.391/13-മേലുള്ള 30.08.2013-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ സി.ഡി.എസ്. മെമ്പർ സെക്രട്ടറിയും ജൂനിയർ ക്ലാർക്കുമായ ശ്രീ. സി. ശിവനെതിരെ ചുവടെ ചേർക്കുന്ന ആരോപണം മുൻനിർത്തി പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

"കേരള പിന്നോക്ക വികസന കോർപ്പറേഷൻ പിന്നോക്ക വിഭാഗ ഗ്രൂപ്പുകളിൽ വിതരണം ചെയ്യുന്നതിനായി അനുവദിച്ച 50 ലക്ഷം രൂപ കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ ഭാരവാഹികൾ, പഞ്ചായത്ത് മെമ്പർമാർ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർ പഞ്ചായത്ത് സെക്രട്ടറിയുടെയും കുടുംബശ്രീ മെമ്പർ സെക്രട്ടറിയുടെയും സഹായത്തോടെ തിരിമറി നടത്തിയതായും കേരള പിന്നോക്ക വികസന കോർപ്പറേഷന്റെ നിബന്ധനകൾക്ക് വിരുദ്ധമായി ഗുണഭോക്തൃ വിഭാഗങ്ങളുടെ പങ്കാളിത്തമില്ലാതെ ചില അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും അതുവഴി കേരള പിന്നോക്ക വികസന കോർപ്പറേഷന്റെ ചട്ടങ്ങൾ ലംഘിക്കുകയും ചെയ്തതായി കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത് നിവാസിയായ ഒരാൾ പരാതിപ്പെടുകയുണ്ടായി. ഗ്രൂപ്പുകൾക്ക് അനുവദിച്ച ചെക്ക് ഒപ്പിടുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രദ്ധ ചെലുത്തിയെങ്കിൽ ചട്ടലംഘനം തടയാനാവുമായിരുന്നു".

കുറ്റപത്രത്തിന് ശ്രീ. സി. ശിവൻ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ 10.08.2012-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം കുടുംബശ്രീയുടെ ചുമതല തന്നെ ഏൽപ്പിച്ചതെന്നും താൻ ചുമതലയേൽക്കുന്നതിനു മുമ്പ് 28.06.2012-ലെ സി.ഡി.എസ്. കമ്മിറ്റി ലോൺ അനുവദിക്കേണ്ട ഗ്രൂപ്പുകളെ സംബന്ധിച്ച് തീരുമാനം എടുത്തിരുന്നുവെന്നും ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ലോൺ വിതരണം നടത്തിയിട്ടുള്ളതെന്നും ലോണിന്റെ വിതരണത്തിൽ പാലിക്കേണ്ട മാനദണ്ഡം സംബന്ധിച്ച മാർഗ്ഗരേഖ പിന്നോക്ക വികസന കോർപ്പറേഷൻ നൽകിയിരുന്നുവെങ്കിലും ആയത് ഫയലിൽ ചേർത്തിട്ടില്ലാത്തതിനാൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും സി.ഡി.എസ്. ചെയർപേഴ്സണും മെമ്പർ സെക്രട്ടറി എന്ന നിലയിൽ താനും ഒപ്പിട്ടാണ് ചെക്ക് നൽകിയതെന്നും ലോൺ വിതരണം ചെയ്തശേഷമാണ് ചില പാളിച്ചകൾ സംഭവിച്ചതായി മനസ്സിലാക്കുന്നതെന്നും ഉടൻതന്നെ ലോൺ എടുത്ത ഗ്രൂപ്പുകളോട് ആയത് പൂർണ്ണമായും അടച്ചുതീർക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 31.12.2013-ൽ ലോൺ തുക മുഴുവനായും പലിശ സഹിതം അടച്ചു തീർത്തിട്ടുള്ളതാണെന്നും ശ്രീ. ശിവൻ ബോധിപ്പിച്ചിട്ടുണ്ട്. ശ്രീ. ശിവൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ശ്രീ. സി. ശിവന് കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളതിനാൽ ശ്രീ. സി. ശിവനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്തിലെ സി.ഡി.എസ്. മെമ്പർ സെക്രട്ടറിയും ജൂനിയർ ക്ലാർക്കുമായിരുന്ന ശ്രീ. സി. ശിവനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീമതി ത്രേസ്യാമ്മ ആന്റണിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. ശ്രീമതി. ത്രേസ്യാമ്മ ആന്റണി, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം
   (അന്വേഷണ റിപ്പോർട്ട്, കുറ്റപത്രം, പ്രതിവാദ പത്രിക എന്നിവയുടെ പകർപ്പുകൾ സഹിതം)
2. ശ്രീ. സി. ശിവൻ, മുൻ ജൂനിയർ ക്ലാർക്ക്, പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/239/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ